(സി) ഉണ്ട്. പെൻഷൻ കുടിശ്ശിക കാലാകാലങ്ങളായി തീർത്തുവരുന്നു. മരണാനന്തര ആനുകൂല്യങ്ങളിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് ഒഴികെ ഉള്ളവയും, വിവാഹ ധനസഹായങ്ങളും, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ ബോർഡ് സ്വന്തം ഫണ്ട് ഉപയോഗിച്ച് നടത്തുന്നതാണ്. സുപ്രീം കോടതിയുടെ വിധിയെ തുടർന്ന് കയറ്റുമതിക്കാർ ക്ഷേമനിധി വിഹിതം അടയ്ക്കാത്തതിനാൽ ബോർഡിന്റെ സ്വന്തം ഫണ്ട് ഗണ്യമായി കുറയുകയും കുടിശ്ശിക ഉണ്ടാകുകയും ചെയ്തു.

(ഡി) ഉണ്ട്. സുപ്രീം കോടതിവിധി പ്രകാരം മത്സ്യകയറ്റുമതിക്കാർ മത്സ്യത്തൊഴിലാളി ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടതില്ല. അതിനാൽ കുടിശ്ശിക ഉണ്ട് എന്ന് പറയാനാവില്ല. ക്ഷേമനിധിയുടെ വിഭവസമാഹരണത്തിൽ മത്സ്യ കയറ്റുമതിക്കാർകൂടി ഭാഗഭാക്കാകുന്നവിധം മത്സ്യത്തൊഴിലാളി ക്ഷേമസെസ്സ് നിയമം കൊണ്ടുവരുവാൻ സർക്കാർ ഉദ്ദേശിച്ചിട്ടുണ്ട്.

കോവളം കൊട്ടാരത്തിന്റെ സംരക്ഷണ ചുമതല

*14 [314] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ രാജകുടുംബത്തിന്റെ സ്വന്തമായിരുന്ന കോവളം കൊട്ടാരം സർക്കാരിന് കൈമാറിയതിന്റെ ഫലമായി ഇതിന്റെ സംരക്ഷണ ചുമതല ഐ.ടി.ഡി.സി. ഏറ്റെടുത്തു നടത്തിവരുന്നത് സംബന്ധിച്ച വിവരങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) 75 വർഷത്തിലധികം പഴക്കമുള്ള ഈ കൊട്ടാരം സംസ്ഥാന പുരാവസ്തു സംരക്ഷണ വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കേണ്ടതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കോവളം കൊട്ടാരം സംരക്ഷിക്കുന്നതിന് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉടമസ്ഥാവകാശം സംബന്ധിച്ച് ചില തർക്കങ്ങൾ ഉയർന്ന് വന്നിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം നിയമവകുപ്പുമായി ചേർന്ന് വിശദമായി പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൊട്ടാരത്തിന്റെ ചരിത്രപരമായ പ്രാധാന്യത്തേയും പുരാവസ്തുപരമായ പ്രാധാന്യത്തേയും കുറിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകുവാൻ സംസ്ഥാന പുരാവസ്തു വകുപ്പ് ഡയക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ

*15 [315] ശ്രീ. എ. കെ. മണി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകരെക്കൊണ്ട് ട്യൂഷൻ എടുപ്പിക്കുന്നതിനുള്ള ഒരു പദ്ധതി നിലവിലുണ്ടായിരുന്നോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ പ്രയോജനം എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചു;

(സി) ഈ പദ്ധതി വിജയമായിരുന്നോ എന്ന് വെളിപ്പെടുത്താമോ; എങ്കിൽ പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുകൂടി ഈ പദ്ധതി നടപ്പാക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ടായിരുന്നു.

(ബി) 62 സ്കൂളുകളിലായി ഇതുവരെ 1271 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി കൊണ്ട് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി പൂർണ്ണമായും പ്രയോജനകരമായി നടപ്പാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. വിദ്യാർത്ഥികൾ നാലുമണിക്ക് ശേഷം സ്കൂളുകളിൽ ട്യൂഷന് വേണ്ടി ഇരിയ്ക്കുന്നതിന് വിമുഖത കാണിയ്ക്കുന്നുണ്ട്. കാരണം ട്യൂഷൻ കഴിഞ്ഞ് സ്കൂളുകളിൽ നിന്ന് അവരുടെ ഊരുകളിൽ/കുടികളിൽ എത്താൻ വൈകുന്നു. അർപ്പണബോധവും താൽപ്പര്യവുമുള്ള അദ്ധ്യാപകരെ ഈ പദ്ധതിയ്ക്കായി ലഭിക്കാത്തതും ഒരു കാരണമാണ്. എങ്കിലും ഈ പദ്ധതികൊണ്ട് ഇതുവരെ 62 സ്കൂളുകളിലായി 1271 കുട്ടികൾക്ക് പ്രയോജനം ലഭിച്ചതിനാൽ ഇത് ഏറെക്കുറെ വിജയകരമായിരുന്നു എന്ന് അനുമാനിക്കാം.

പ്ലസ് ടു ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ക്യാമ്പ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly